ടീച്ചേഴ്സ് ട്രെയിനിംഗ്

307. [47] ശ്രീ. എൻ. ജി. ചാക്കോ : തഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) അണ്ടർഗ്രാഡുവേറ്റ് ടീച്ചേഴ്സ് ട്രെയിനിംഗിന് ഈ വർഷം എത്ര വിദ്യാർത്ഥീവിദ്യാർത്ഥിനികളെ തെരഞ്ഞെടുത്തിട്ടുണ്ട് ;

(ബി) ഈ തെരഞ്ഞെടുപ്പു സംബന്ധിച്ച് ധാരാളം പരാതി ജനങ്ങളുടെ ഇടയിൽ ഉള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) 3502.

(ബി) ഈ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് പൊതുവേയി പരാതികളും മറ്റും ഉണ്ടായിട്ടില്ല. എന്നാൽ മൂന്നു ട്രെയിനിംഗ് സ്കൂളുകളിലേക്ക് തെരഞ്ഞെടുപ്പു നടത്തിയതിനെ സംബന്ധിച്ച് ചില പരാതികളും ഉണ്ടായിട്ടുണ്ട്. അവയെപ്പറ്റി വിദ്യാഭ്യാസഡയറക്ടർ വേണ്ട അന്വേഷണം നടത്തിവരുന്നു.

1955 മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷ.

308. [43] ശ്രീ. പി. നാരായണൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 മാർച്ചിൽ നടത്തിയ എസ്. എസ്. എൽ. സി. പരീക്ഷയിൽ എത്ര വിദ്യാർത്ഥികളും ചേർന്നിരുന്നു

(ബി) എത്രപേർ പാസ്സായി ;

(സി) അവരിൽ എത്രപേർ സ്റ്റേറ്റിലെ ഗവണ്മെൻറ് കോളേജുകളിലും പ്രൈവറ്റ് കോളേജുകളിലും ചേർന്നിട്ടുണ്ട് ?

ഉത്തരം.

(എ) 51,532 പേർ.

(ബി) 22,772 പേർ.

(സി) ഗവണ്മെൻറ് കോളേജുകളിൽ 1029 പേരും, പ്രൈവറ്റ് കോളേജുകളിൽ 6,594 പേരും ചേർന്നിട്ടുണ്ട്.

ഇൻഡസ്ട്രിയൽ ട്രെയ്നിങ്.

309. [45] ശ്രീ. പി. രാമ്മൂരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തെ തൊഴിൽത്തക്കകോടതിയിൽ ഇപ്പോൾ എത്ര കേസുകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly